മിസ്റ്റർ പി. ഗോവിന്ദമേനോൻ: എത്രത്തോളം അനുകൂല്യമാണ് വേണ്ടതെന്നുപറഞ്ഞാൽ അതിനെപ്പറ്റി ആലോചിക്കാം.

മിസ്റ്റർ പി. കെ. പോൾ: ടെയിനിംഗ് കഴിക്കുന്നകാലത്തിൽ ഗവണ്മെണ്ട് അനുകൂല്യം ചെയ്തുകൊടുക്കുവാൻ ദയവുണ്ടാകുമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇപ്പോൾ ൩൫ വയസ്സുകഴിഞ്ഞിട്ടുള്ളവർക്ക് സ്പെഷ്യൽ കൊടുക്കുകയില്ലെന്നാണ് നിശ്ചയം. ഇനി ൩൫ വയസ്സുകഴിഞ്ഞിട്ടുള്ളർക്കുംകൂടി എന്തെങ്കിലും അനുകൂല്യം ചെയ്യണോ, വേണ്ടയോ എന്നുള്ളതിനെപ്പറ്റി ആലോചിക്കാം.

മിസ്സിസ്സ് കെ. എം. ആർ. മേനോൻ: ൩൫ വയസ്സുകഴിഞ്ഞിട്ടുള്ളവർക്ക് ടെയിനിംഗ് പീരീഡ് കുറച്ചുകൊടുത്തുകൂടെ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഒരുകൊല്ലം വേണമെന്നാണ് നിയമം. അതിൽ കുറഞ്ഞുകഴിഞ്ഞാൽ അതുകൊണ്ടുദ്ദേശിക്കുന്ന ഗുണം ഉണ്ടാകുമെന്നുതോന്നുന്നില്ല.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: ൪൫ കൊല്ലം സർവ്വീസായിട്ടുള്ള ഒരദ്ധ്യാപകനെ ടെയിനിംഗിൽനിന്നു ഒഴിവാക്കികൊടുക്കുവാൻ സാധിക്കുമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതു് എഡ്യൂക്കേഷൻ എക്സ്പർട്ട് ചെയ്യേണ്ടതാണു്. ൪൫ കൊല്ലം സർവ്വീസുള്ള ഒരദ്ധ്യാപകനു് ടെയിനിംഗ് വേണമോ, വേണ്ടയോയെന്നുള്ളകാര്യത്തിൽ എന്റെ തടസ്ഥമൊന്നുമില്ല. പക്ഷെ അങ്ങിനെ ഒരുത്തം ചെയ്യാറില്ല.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: ഈ വിഷയമൊന്നു് ആലോചിക്കാമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ആലോചിക്കാം.

GOODS BROUGHT FROM OTHER COUNTRIES FOR TRANSPORT TO TRAVANCORE —PERMIT—GRANTING OF

318. മിസ്റ്റർ എം. ഒ. തോമക്കുട്ടി: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവണ്മെണ്ട് സഭയെ മറുപടി പറയുമോ.—

(എ) അന്യരാജ്യങ്ങളിൽനിന്നും കൊച്ചീരാജ്യംവഴി തിരുവിതാംകൂറിലേക്കു കൊണ്ടുപോകുന്ന ചരക്കുകൾക്കു് പെർമിറ്റ് കൊടുക്കാതെയിരിപ്പാൻ വല്ല പ്രത്യേക കാരണങ്ങളുമുണ്ടോ;

(ബി) ഉഴുന്നുപരിപ്പു്, ചെറുപയറിൻപരിപ്പു് മുതലായ കേവലം കുത്തുപിടിച്ചു പോകുന്ന നവധാന്യങ്ങൾക്കു പെർമിറ്റ് കൊടുക്കാതെ കച്ചവടക്കാരെ മനഃപൂർവ്വം നഷ്ടപ്പെടുത്തിയെന്നുള്ളതായ വല്ല ആക്ഷേപവും ഗവണ്മെണ്ടിനു കിട്ടിയിട്ടുണ്ടോ;

(സി) ഇപ്രകാരം പെർമിറ്റ് കൊടുക്കാതെ കാലതാമസം വരുത്തി ചരക്കുകൾ കപ്പൽ ഗുദാമുകളിൽ കിടന്നു നാശപ്പെട്ടുപോകാറുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അതിനു് ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥന്മാർ ആരായിരിക്കും?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) അന്യരാജ്യങ്ങളിൽനിന്നും കൊച്ചീരാജ്യംവഴി തിരുവിതാംകൂറിലേക്കു കൊണ്ടുപോകുന്ന ചരക്കുകൾക്കു പെർമിറ്റ് കൊടുക്കാതെയിരുന്നിട്ടില്ല.

(ബി) ഉഴുന്നുപരിപ്പിനേയും ചെറുപയറിൻപരിപ്പിനേയും സംബന്ധിച്ചു് ആക്ഷേപങ്ങൾ കിട്ടിയിട്ടില്ല. ബാക്കിയുള്ളവ എന്തെല്ലാം സാധനങ്ങളാണെന്നു് ക്ലിപ്തമായിപ്പറയാതെ ഉത്തരം പറയുവാൻ നിവൃത്തിയില്ല.

(സി) & (ഡി) മൻചോദ്യങ്ങളുടെ ഉത്തരംകൊണ്ടു് ഈ ചോദ്യങ്ങൾക്കു ഉത്തരം ആവശ്യമില്ല.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: സർ, കഴിഞ്ഞ ഫെബ്രുവരി ൨൩-ാംനു ൨,൫൦൦ ചാക്കു് ഉഴുന്നുപരിപ്പു് കപ്പലിൽ ഇവിടെ വന്നിട്ടുണ്ടു്. അതിനെസംബന്ധിച്ചു് ഫുഡ്സപ്ലൈ ഡയറക്ടരായി എഴുത്തുകുത്തു നടത്തിയതിന്റെ ചില വിവരങ്ങൾ ഈ സഭയുടെ അറിവിന്നായി ഇവിടെ വായിക്കാം.

"The following reply received from the Director of Food Supplies would explain:—"With reference to your Memo No. L. Dis. 12606/22 of the 4th inst, we have the honour to inform you that we are unable to produce the original permit issued by the authorities at the place of

LIBRARY ARCHIVES Kerala Legislative Assembly

[Mr. M. O. Thomakutty]

despatch since it had already been surrendered to the Karachi Customs at the time of despatch for which they have given us a copy of the shipping bill in which they have clearly written the particulars regarding the permit such as permit No., date, validity, etc., which can be seen on your kind perusal. We enclose herewith these shipping bills for your reference, and a letter of our party which is self explanatory.

Further we now write to inform you that it is more than 2 months since the goods were landed and we are keeping the same in our godown without disposing and we fear.....

Mr. President: What is the Hon'ble Member reading?

Mr. M. O. Thomakutty *(Commerce and Industry):* Sir, the Hon'ble Minister said that he has no information so far. So in order to explain my position, I have to read out this reply received from the Director of Food Supplies.

Mr. P. Govinda Menon *(Minister for Food and Education):* I did not say that, Sir.

Mr. President: The Hon'ble Minister says that he did not say it.

Mr. M. O. Thomakutty *(Commerce and Industry):* But, Sir, it is written here in the paper. ആക്ഷേപം കിട്ടിട്ടുണ്ടോയെന്നാണ് എന്റെ ചോദ്യം. അതിനു് ഇല്ല; ഉവ്വ്; എന്നു പറഞ്ഞാൽ രണ്ടക്ഷരംകൊണ്ടു് കാര്യം മനസ്സിലാക്കാം. പൊതുജനങ്ങളെ ക്ഷേമത്തിലേക്കു കൊണ്ടുവരുവാൻ വേണ്ടിയാണ് ഞാനിതു പറയുന്നതു്.

Mr. President: What is the point that the Hon'ble Member wants to bring out?

മിസ്റ്റർ എം. ഒ. തോമക്കുട്ടി: ബാക്കിയുള്ള ഉഴുന്നുപരിപ്പും പെരുപയറിന്റെ പരിപ്പും സംബന്ധിച്ചു് ആക്ഷേപങ്ങൾ കിട്ടിട്ടില്ലേ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ബാക്കിയുള്ളതിനെ സംബന്ധിച്ചു് കൃത്യമായി ഉത്തരം പറയുവാൻ നിവൃത്തിയില്ല.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: അതിനെ സംബന്ധിച്ചു് ആക്ഷേപമില്ലെന്നു് പറഞ്ഞാൽ എന്താണ് അതിന്റെ ഉദ്ദേശം?

Sir, I am reading the order of the Director of Food Supplies received in reply to the petition submitted by me on behalf of the merchants, but the Hon'ble Minister denies that no such petition has been received. What is the fun of it?

Mr. President: The Hon'ble Member says that he has submitted a petition. Order.

Mr. P. Govinda Menon *(Minister for Food and Education):* The Hon'ble Member is referring to a letter addressed to the Director of Food Supplies. My answer is regarding Government.

Mr. President: The Hon'ble Member will only refer to it instead of reading out all the petition and taking up so much time of the House?

Mr. M. O. Thomakutty *(Commerce and Industry):* May I know, Sir, whether the Director is under the Government or independent of the Government?

Mr. P. Govinda Menon *(Minister for Food and Education):* Sir, there is some well-defined distinction between Government and the departments.

Mr. President: The proper procedure in the situation, I think would be, for the Hon'ble Member to say that such and such parties had sent a petition, instead of reading out all the petitions here, and that the Government may be pleased to look into the matter.

Mr. M. O. Thomakutty *(Commerce and Industry):* May I know, Sir, who is authorised to issue permits, the Government or the Food Supplies Department?

Mr. P. Govinda Menon *(Minister for Food and Education):* My answer is this. The Director of Food Supplies is the person to issue permits. The Government have not received any complaint regarding that matter.

മിസ്റ്റർ എ. ഈച്ചരമേനോൻ: സാധാരണയായി ചോദ്യങ്ങൾ അയക്കുമ്പോൾ അതിനെ സംബന്ധിച്ചുള്ള വിവരങ്ങൾ അറിയിക്കേണ്ടതായ ചുമതലയില്ലേ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇതിനെ സംബന്ധിച്ചു കാര്യങ്ങളൊക്കെ എനിക്കറിയാം. അതിനെക്കുറിച്ചു പറയുകയും ചെയ്യാം.

Mr. M. O. Thomakutty *(Commerce and Industry):* Sir, I have got the reply from the Director of Food Supplies.

Mr. President: I think it is not proper to read out all those lengthy petitions and replies.

Mr. M. O. Thomakutty *(Commerce and Industry):* I have got the reply from the Director that they are not issuing any permits. On what ground they can refuse the issue of permits? I want the Government to clarify the position.

LIBRARY ARCHIVES Kerala Legislative Assembly

Mr. P. Govinda Menon *(Minister for Food and Education)*: Sir, if there is any complaint regarding the conduct of the Director of Food Supplies, for that matter, and if that is brought to the notice of the Government, Government will look into it.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: ഞാൻ പറയുന്നതു് ഒരു ചോദ്യം അയച്ചാൽ അതിനു് ശരിയായ മറുപടി പറഞ്ഞുകൂടെയെന്നാണു്.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഗവണ്മെണ്ടിലേക്കു് അയച്ച ചോദ്യത്തിനൊക്കെ മറുപടി പറഞ്ഞിട്ടുണ്ടു്.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: ഇതിനെ സംബന്ധിച്ചു് പ്രായോഗികമായിട്ടു് എന്തു, ചെയ്യുവെന്നാണു് ഞാൻ ചോദിക്കുന്നതു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: നോട്ടീസ്സുവേണം.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: ഇതിനു് പെർമിറ്റു കൊടുക്കാതെ അവിടെ കിടന്നു് കത്തുപിടിച്ചു ചീത്തയാകണമെന്നാണോ ഉദ്ദേശം?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: സർ, ഇതിനെ സംബന്ധിച്ചുള്ള അന്വേഷണത്തിൽ ഇതു് തിരുവിതാംകൂറിലേക്കും കൊച്ചിയിലേക്കും കൂടിയുള്ളതാണെന്നാണു് അറിവായതു്. ഇതിനു് പെർമിറ്റു കൊടുക്കുകയായിരുന്നുവെങ്കിൽ കൊച്ചിക്കുള്ളതായ ചരക്കുംകൂടി തിരുവിതാംകൂറിലേക്കുതന്നെ പോകുമായിരുന്നു.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: ഇതു് കൊച്ചിക്കും തിരുവിതാംകൂറിനും കൂടി ഉള്ളതാണെന്നു് ബഹുമാനപ്പെട്ട മന്ത്രി എങ്ങിനെ മനസ്സിലാക്കി?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: പിന്നീടുള്ള രേഖകൾ നോക്കിയപ്പോൾ മനസ്സിലായി കൊച്ചിക്കും തിരുവിതാംകൂറിനും കൂടിയുള്ളതാണെന്നു്. അതുകൊണ്ടു് കൊച്ചിയിലേക്കുള്ളതു് എടുത്തു്, തിരുവിതാംകൂറിലേക്കുള്ളതിനുമാത്രം പെർമിറ്റു കൊടുത്തു. അങ്ങിനെ ചെയ്തില്ലായിരുന്നുവെങ്കിൽ മുഴുവനും തിരുവിതാംകൂറിലേക്കുതന്നെ പോകുമായിരുന്നു.

Mr. M. O. Thomakutty *(Commerce and Industry)*: Sir, will you kindly allow me to read a letter.

Mr. President: It is not proper. It is not the practice of this House. The Hon'ble member may put any question and he will get the answer.

Mr. M. O. Thomakutty *(Commerce and Industry)*: I want to explain the position by reading out the letter.

Mr. President: Order, I am not giving my consent to read it. Has the Hon'ble Member to put any supplementary questions? Supplementary questions are put not by reading out lengthy petitions and documents. It is not the practice in this House.

Mr. M. O. Thomakutty *(Commerce and Industry)*: I have to read it, Sir, to substantiate my point.

Mr. P. Kumaran Ezhuthassan *(Vadakkancheri)*: He is only stating that the Government answer is incorrect.

Mr. President: Not by reading out lengthy documents.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: ഇത്രയും ചരക്കുകൾക്കു് പെർമിറ്റു കൊടുക്കാത്തതു കൊണ്ടു് ഗോഡൌണിൽ കിടന്നു് നശിപ്പിച്ചു കളയുവാൻ ഇടയാക്കിയതിന്റെ ഉദ്ദേശം എന്താണു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അങ്ങിനെ നശിച്ചിട്ടില്ല.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: നശിച്ചിട്ടില്ലെന്നു പറഞ്ഞാൽ അതു വാസ്തവമാവുകയില്ല.

Mr. President: What can this House do?

Mr. P. Kumaran Ezhuthassan *(Vadakkancheri)*: We can correct the Government.

Mr. M. O. Thomakkutty *(Commerce and Industry)*: By reading the letter I can prove that the answer given is not correct. If, Sir, I am not allowed to read it, I cannot help it.

NARAKAL SUB-DEPOT—SALE OF BROKEN RICE

319. മിസ്റ്റർ എം. കെ. വല്ലീസ്സ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗവണ്മെണ്ടു് സദയം മറുപടി പറയുമോ.—

(എ) ഞാറക്കൽ സബ്ബ് ഡിപ്പോവിൽനിന്നും റേഷനിൽപ്പെടാത്ത എത്ര ചാക്കു പൊടിയരി വിറ്റു;

LIBRARY ARCHIVES Kerala Legislative Assembly